


പതുങ്ങിപ്പതുങ്ങി ചെന്നു.



കിളികൾ പറന്ന് ഒരു മരക്കൊമ്പിലിരുന്നു.

അവർ ഒരു വലിയ കൂട്ടമായി.



ലതയും ശരത്തും പൂക്കൾ പറിച്ചു.

പൂക്കളുമായി അവർ വീട്ടിലെത്തി.





ശരത്തിന് കിട്ടിയ പൂക്കൾ

റോസ് ☐ ചെമ്പരത്തി ☐ ജമന്തി ☐

ലതയ്ക്ക് കിട്ടിയ പൂക്കൾ

റോസ് ☐ ചെമ്പരത്തി ☐ ജമന്തി ☐




രണ്ടുപേർക്കും കിട്ടിയ പൂക്കൾ ഒന്നിച്ചു ചേർത്തു.


ഓരോ ഇനവും ആകെ എത്ര?


| | ശരത്ത് | ലത | ആകെ |
|---|---|---|---|
| റോസ് | | | |
| ചെമ്പരത്തി | | | |
| ജമന്തി | | | |

ഏറ്റവും കൂടുതൽ ഏത് പൂവ്? ✓ ഇടുക



ഏറ്റവും കുറവ് ഏത് പൂവ്? ✓ ഇടുക






## പൂക്കളം

ഒന്നും ഒന്നും രണ്ട്
രണ്ടു ചെണ്ടു മല്ലി
രണ്ടും ഒന്നും മൂന്ന്
മൂന്ന് കൊന്നപ്പൂവ്
മൂന്നും ഒന്നും നാല്
നാല് ലില്ലിപ്പൂവ്
നാലും ഒന്നും അഞ്ച്
അഞ്ച് പിച്ചിപ്പൂവ്
അഞ്ചും ഒന്നും ആറ്
ആറ് ആമ്പൽപ്പൂവ്






ആറും ഒന്നും ഏഴ്
ഏഴ് താഴമ്പൂവ്
ഏഴും ഒന്നും എട്ട്
എട്ട് വട്ടപ്പൂവ്
എട്ടും ഒന്നും ഒൻപത്
ഒൻപത് തുമ്പപ്പൂവ്
ഒൻപതും ഒന്നും പത്ത്
പത്ത് ചെത്തിപ്പൂവ്
ഒത്തുചേർന്നൊരുക്കി
ചന്തമുള്ള പൂക്കളം.



## നിറം കൊടുക്കാം



## കൂട്ടുകാർ ഒന്നിച്ചപ്പോൾ




ശരത്തും കൂട്ടുകാരും കളിക്കാൻ എത്തി.



ഇപ്പോൾ എത്ര പേരുണ്ട്? ☐

## വരച്ചു ചേർക്കാം

ഏതെല്ലാം കൂട്ടങ്ങൾ ചേർന്നാൽ 6 എണ്ണമാകും?
ചേർത്ത് വരയ്ക്കുക.



വരച്ചു ചേർത്ത പാത്രങ്ങളിലെ മഞ്ചാടികൾ ചേർന്നാൽ എത്ര?

3 + 3 = ☐

☐ + ☐ = ☐

☐ + ☐ = ☐

## എങ്ങനെയൊക്കെ?

മഞ്ചാടി രണ്ട് കൂട്ടങ്ങളാക്കാം.
എണ്ണങ്ങൾ കളങ്ങളിൽ എഴുതൂ.



3 + 4 = 7

☐ + ☐ = 7

☐ + ☐ = 7



☐ + ☐ = 5

☐ + ☐ = 5

☐ + ☐ = 5




☐ + ☐ = 9

☐ + ☐ = 9

☐ + ☐ = 9

**കൈയിൽ എത്ര?**

പാത്രത്തിൽ 9 മഞ്ചാടികൾ ഉണ്ടായിരുന്നു.
ലത കുറച്ച് മഞ്ചാടി വാരി



ഇനി പാത്രത്തിൽ എത്ര? ☐

ലതയുടെ കൈയിൽ എത്ര? ☐



നിങ്ങളും കളിച്ചു നോക്കൂ.


ഓരോ കളിക്കുശേഷവും എണ്ണം എഴുതുക.

| പാത്രത്തിൽ | വാരിയത് |
|---|---|
| 5 | |
| 2 | |
| 1 | |
| | |
| | |
| | |
| | |

## ഒളിച്ചിരിക്കുന്നതാര്?

| | | | |
|---|---|---|---|
| 4 + 3 = | 7 | 3 + 1 = | |
| 2 + 2 = | | 4 + 1 = | |
| 5 + 1 = | | 2 + 4 = | |
| 2 + 3 = | | 6 + 3 = | |


കളങ്ങളിലെ സംഖ്യകൾ ചിത്രത്തിൽ എവിടെയൊക്കെ? കണ്ടെത്തി നിറം കൊടുക്കൂ.



ഓണസദ്യ കഴിഞ്ഞു.

ശരത്തും കൂട്ടുകാരും കാഴ്ചകൾ കാണാൻ ഇറങ്ങി.

## തൊട്ടിലാട്ടം




5 ആവാൻ എത്ര വേണം? എഴുതിച്ചേർക്കൂ.

## കടത്തു തോണിയിൽ കയറാം




തോണിയിൽ എത്ര പേരുണ്ട്? ☐


ഇനി എത്ര പേർക്ക് കൂടി കയറാം? ☐

## തുഴയിലെ സംഖ്യ

കരയ്ക്കടുപ്പിച്ച ഒരു തോണി.

തുഴകളുമുണ്ട്.

തുഴകളിലെ വിട്ടുപോയ സംഖ്യകൾ എഴുതാം.



## മുത്തശ്ശിയും ചിന്നുപ്പൂച്ചയും



മുത്തശ്ശി 5 നെയ്യപ്പം ചുട്ടു.



മുത്തശ്ശി പുറത്തേക്കുപോയി.



ചിന്നുവിന്റെ മൂക്കിൽ നെയ്യപ്പത്തിന്റെ മണമെത്തി.



അവൾ പമ്മിപ്പമ്മി

അടുക്കളയിലെത്തി.

ആരുമില്ല.

ഒരു നെയ്യപ്പം കടിച്ചെടുത്തു.

അതു തിന്നു.

“ഹായ്! നല്ല രുചി”

ചിന്നു ഒരു നെയ്യപ്പം കൂടി കടിച്ചെടുത്തു.
ഒരനക്കം കേട്ടു.
അവൾ ഓടിപ്പോയി.



മുത്തശ്ശി തിരികെ വന്നു
നോക്കിയപ്പോഴോ.....?



മുത്തശ്ശി എത്ര നെയ്യപ്പം ചുട്ടു? ☐
ചിന്നു എത്ര നെയ്യപ്പം തിന്നു? ☐
ബാക്കി നെയ്യപ്പം എത്ര? ☐

# കളം പൂർത്തിയാക്കാം




$8 - 3 = \square$







$5 - 2 = \square$

$7 - 2 = \square$

$5 - \square = 3$

$9 - \square = 8$



## ഉണ്ണിയപ്പം

അഞ്ച് ഉണ്ണിയപ്പം. 5

അമ്മ ചുട്ടുവെച്ചു.



അമ്മു ഒന്നു തിന്നു.

ബാക്കി എണ്ണം എത്ര? ☐

അപ്പു ഒന്നു തിന്നു.

ബാക്കി എണ്ണം എത്ര? ☐



അച്ഛനൊന്നു തിന്നു.

ബാക്കി എണ്ണം എത്ര? ☐

മുത്തശ്ശി ഒന്നു തിന്നു.

ബാക്കി എണ്ണം എത്ര? ☐



അമ്മ ഒന്നു തിന്നു.

ബാക്കി ഒന്നുമില്ല.

ബാക്കി എണ്ണം പൂജ്യം. 0





## വള കിലുക്കം

റോസിക്ക് 8 വള ഉണ്ട്. അവ രണ്ടു കൈകളിലുമായി ഇടണം. ഇടതു കൈയിൽ 3 വള ഇട്ടാൽ, വലതു കൈയിൽ എത്ര വള ഇടണം?



റോസിക്ക് മറ്റ് ഏതൊക്കെ രീതിയിൽ വളകൾ ഇടാം?

ഇടതു കൈയിൽ

വലതു കൈയിൽ

റീനയ്ക്ക് 7 മിഠായി കിട്ടി.
2 എണ്ണം മിനിക്കു കൊടുത്തു.
അലിക്ക് 2 എണ്ണം കൊടുത്തു.

റീനയുടെ കൈയിൽ ബാക്കി എത്ര മിഠായി ഉണ്ട്?




## ഏതു വഴി പോകണം?

മുയലിന് കാരറ്റ്തോട്ടത്തിൽ കയറണം.

ഏതാണ് വഴി?

ചുവടെ കൊടുത്ത ക്രിയകളുടെ ഉത്തരമല്ലാത്ത വാതിൽ തുറക്കാം.








| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | − | 4 | = | ☐ | 7 | + | 2 | = | ☐ |
| 6 | + | 3 | = | ☐ | 2 | + | 4 | = | ☐ |
| 6 | − | 3 | = | ☐ | 5 | − | 3 | = | ☐ |

## ചങ്ങാതി ആര്?

ഉത്തരമായി വരുന്നവ കണ്ടെത്തൂ. ഒരേ സംഖ്യകളെ വരച്ച് യോജിപ്പിക്കൂ.



# 5 എണ്ണിയെടുക്കാം

## ചിത്രം നോക്കൂ, കഥ പറയാം



മൈതാനത്ത് എത്ര കുട്ടികൾ? ☐


ആകാശത്ത് എത്ര കിളികൾ? ☐

മാവിൽ എത്ര കിളികൾ? ☐

കുളത്തിൽ എത്ര മീനുകൾ? ☐


എത്ര വീടുകൾ ? ☐

## കോഴിയമ്മയുടെ കുഞ്ഞുങ്ങൾ




ഞാൻ പത്ത് മുട്ടയിട്ടു.

പത്തും വിരിഞ്ഞു



പത്ത് കുഞ്ഞുങ്ങൾ





പത്താണേ! പത്താണേ!

ഇരു കൈ വിരലുകൾ

പത്താണേ!

വിനു കണ്ട പത്തുകൾ.







## കൂട്ടങ്ങളാക്കാം

കളിക്കാനായി അനു കുറെ കമ്പുകൾ മുറിച്ചെടുത്തു.





വിനു അവ ഒരു കെട്ട് ആക്കി

മഞ്ചാടി, കമ്പുകൾ, വെള്ളാരംകല്ല്, ഇലകൾ, പൂക്കൾ എന്നിവ ശേഖരിച്ച് പത്തെണ്ണം വീതമുള്ള കൂട്ടങ്ങളാക്കൂ.

## മിട്ഠായി

ആയീ ഠായീ മിട്ഠായി
തിന്നുമ്പോഴെന്തിഷ്ടായി
തിന്നുകഴിഞ്ഞു കഷ്ടായി

കുഞ്ഞുണ്ണി






അമ്മാവൻ മിഠായി വാങ്ങി



അനു പാക്കറ്റ് പൊളിച്ചു.








## മഞ്ചാടിക്കളി

കുട്ടികൾ മഞ്ചാടിയുമായി കളിക്കാനിരുന്നു.

അനു പത്തിൽ താഴെ മഞ്ചാടികൾ കളത്തിൽ വയ്ക്കുന്നു.

പത്താകാൻ വേണ്ട എണ്ണം മഞ്ചാടികൾ വിനു ഒഴിഞ്ഞ കളത്തിൽ വയ്ക്കണം.

അവർക്ക് കിട്ടിയ എണ്ണം കളത്തിൽ എഴുതുക.

| അനു | | വിനു | | |
|---|---|---|---|---|
| 6 | + | | = | 10 |
| | + | 7 | = | 10 |
| | + | | = | 10 |
| | + | | = | 10 |
| | + | | = | 10 |


## എത്ര പെൻസിലുകൾ?


അനുവിന് മുത്തച്ഛൻ ഒരു പായ്ക്കറ്റ് കളർ പെൻസിൽ സമ്മാനിച്ചു. അവളുടെ കൈയിൽ നേരത്തെ രണ്ടു പെൻസിലുകളുണ്ട്.




പന്ത്രണ്ടിനെ ഇങ്ങനെ എഴുതാം 12

## എണ്ണിനോക്കൂ !





പത്തും നാലും പതിനാല്

10 + 4 = 14


## വിട്ടുപോയത് പൂരിപ്പിക്കുക.





പത്തും മൂന്നും പതിമൂന്ന്.


| | | | | |
|---|---|---|---|---|
| 10 | + | | = | 13 |






പത്തും അഞ്ചും പതിനഞ്ച്.

| | | | | |
|---|---|---|---|---|
| | + | | = | |




പത്തും ആറും പതിനാറ്.

$\square + \square = 16$




പത്തും ഏഴും പതിനേഴ്.

$\square + \square = 17$



പത്തും ഒൻപതും പത്തൊൻപത്.

$\square + \square = 19$



പത്തും എട്ടും പതിനെട്ട്.

$\square + \square = \square$





പത്തും ഒന്നും പതിനൊന്ന്.

$\square + \square = 11$




തീവണ്ടിയുടെ
ബോഗികളിൽ
സംഖ്യകൾ ക്രമമായി എഴുതുക.








**പൊട്ടുകൾ എണ്ണി വരച്ച് ചേർക്കുക.**




അനുവിന് മാലയുണ്ടാക്കണം.


മുത്തുകൾ എണ്ണി എണ്ണം പറയുക, എഴുതുക.





ക്രമത്തിൽ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുക.




## വിട്ടത് പൂരിപ്പിക്കുക...




**കാർഡിൽ ഉള്ള സംഖ്യകൾ ക്രമമായി കളങ്ങളിൽ എഴുതുക.**




| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |

